LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ വിവിധ പോലീസ് കേസുകളിലെ പ്രതികളെ സംബന്ധിച്ച വിവരം

210 (2082) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായി സ്വദേശികളായ പ്രണോബ്, പ്രേംജിത്ത്, ഓടക്കടവ് സ്വദേശികളായ ശ്രീജിത്ത്, ലാലു, കോട്ടം സ്വദേശിയായ നിധീഷ് എന്നിവർക്കെതിരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ കേസുകളുടെ വിശദാംശങ്ങളും കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) മേൽകേസുകളിൽ പ്രതിയായിട്ടുള്ള ആളുടെ വീട്ടിൽനിന്നും സ്റ്റീൽ ബോംബ്, ചന്ദനം, കൊടുവാൾ എന്നിവ പോലീസ് കണ്ടെടുത്തതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വെണ്ടുട്ടായി സ്വദേശി പ്രണോബ്, ഓടക്കടവ് സ്വദേശി ശ്രീജിത്ത്, ഓടക്കടവ് സ്വദേശി ലാലു എന്നിവരുടെ പേരിൽ കണ്ണൂർ ജില്ലയിൽ കേസുകളില്ല. എന്നാൽ വെണ്ടുട്ടായി സ്വദേശിയായ പ്രണോബ്, കീഴത്തൂർ സ്വദേശി ലാലു എന്ന ശ്രീനിലേഷ്, കീഴത്തൂർ സ്വദേശി ശ്രീജിത്ത് എന്നിവർക്കെതിരെയും വെണ്ടുട്ടായി സ്വദേശി പ്രേംജിത്ത്, കോട്ടം സ്വദേശി നിധീഷ് എന്നിവർക്കെതിരെയും കേസുകളുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

(സി) ഉണ്ട്.

(ഡി) ചന്ദനമുട്ടികൾ പ്രണോബിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തതുമായി ബന്ധപ്പെട്ട് കതിരൂർ കേസ് ക്രൈം നമ്പർ 633/11 u/s27(1)(d) & (e) III and IV of Kerala Forest Act, 1961 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് കൊട്ടിയൂർ ഫോറസ്റ്റ് റേഞ്ചിന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.